# സ്മിത്തും അലനും
# കുറെ 'പഴഞ്ചൻ' മിഷൻ ചിന്തകളും



(ജോസഫ് കുര്യൻ, ലുധിയാന)

ഒരു പ്രാദേശിക ദൈവസഭയുടെ ഭിത്തിയിൽ ഇവ്വണ്ണം ഒരു എഴുത്ത് കാണുവാൻ ഇടയായി- ഞങ്ങളുടെ ദർശനം, ഒരു മിഷനറി ചർച്ച് ! അത് പ്രത്യേകം പറയേണ്ട ആവശ്യമുണ്ടോ ? രോഗികളെ ചികിത്സിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം എന്ന് കാണിക്കുന്ന ബോർഡ് ആശുപത്രികൾ സ്ഥാപിക്കാറില്ലല്ലോ. അത് പോലെ, മിഷൻ കാര്യങ്ങൾക്ക് വേണ്ടിയാണല്ലോ പുതിയനിയമ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ! (എങ്കിലും, മിഷനാണ് തങ്ങളുടെ ലക്ഷ്യം എന്ന് എഴുതി വെക്കുന്നതും എല്ലാ കൂട്ടായ്മകളിലും മഹാനിയോഗം പ്രസംഗിക്കപ്പെടുന്നതും അതിന് വേണ്ടി പ്രാർത്ഥിക്കുന്നതും എല്ലാം പ്രശംസനീയം തന്നെ).

ക്രിസ്തീയ ദൗത്യം ലോകസൃഷ്ടിയോളമോ അതിനേക്കാൾ ഏറെയോ പുരാതനമായ ഒരു ദൈവിക പദ്ധതിയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ കാലത്തിന് മുമ്പേ നടന്ന രണ്ട് മിഷനറിമാരും അവരുടെ ചില പുസ്തകങ്ങളിലെ മഹത്തരമായ ചില മിഷൻ ചിന്തകളും അവയുടെ ആനുകാലിക പ്രസക്തിയുമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം.

വർഷങ്ങൾക്ക് മുമ്പ് ഈ ലേഖകന്റെ മിഷൻ ദർശനം ജ്വലിപ്പിച്ച അനേക പുസ്തകങ്ങളിൽ ഒന്നായിരുന്നു, ഒസ്വാൾഡ് ജെ. സ്മിത്തിന്റെ *മിഷന്റെ വെല്ലുവിളി* (The Challenge of Missions,1959) . പിന്നീട് മിഷൻ രംഗത്ത് എത്തിക്കഴിഞ്ഞ് ഏറെ സ്വാധീനം ചെലുത്തിയ മറ്റ് രണ്ട് പുസ്തകങ്ങളായിരുന്നു, റോളണ്ട് അലന്റെ *സഭയുടെ സ്വയം വ്യാപനം* (Spontaneous expansion of the Church), *മിഷനറി സമ്പ്രദായങ്ങൾ - പൗലൂസിന്റെയോ നമ്മുടേതോ ?* (Missionary methods-St. Paul's or Ours?) എന്നിവ. പക്ഷേ, 1930-ൽ എഴുതപ്പെട്ട അലന്റെ പുസ്തകം *മിഷനറി സമ്പ്രദായങ്ങൾ- പൗലൂസിന്റെയോ സാത്താന്റെയോ* ?(Missionary methods- St.Paul's or Satan's?) ഈയടുത്ത കാലത്താണ് പ്രകാശം കണ്ടത്.

സ്മിത്തിന്റെ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായം സാത്താനും വിവിധ രാജ്യങ്ങളിലെ തന്റെ വിശ്വസ്ത കാവൽക്കാരുമായുള്ള ഒരു സാങ്കല്പിക സംഭാഷണമാണ്. സുവിശേഷത്തെ തടഞ്ഞ് എങ്ങനെ ഓരോരുത്തരും തങ്ങളുടെ കോട്ട കാക്കുന്നു എന്ന് ചൈന, ടിബറ്റ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ വിശ്വസ്തർ വിവരിക്കുന്നു. തുടർന്ന് അമ്പത് വർഷങ്ങൾക്ക് ശേഷമുള്ള മറ്റൊരു യോഗത്തിൽ ഇരുമ്പ് മറയ്ക്കുള്ളിൽ പോലും സുവിശേഷം കടന്നെത്തിയെന്നുള്ള വാർത്ത കേട്ട് എല്ലാം നഷ്ടപ്പെട്ട് അന്തിമ നാശം മുന്നിൽ കണ്ട് "അയ്യോ എനിക്ക് ഹാ കഷ്ടം" എന്ന് പറഞ്ഞ് ഇരിക്കുന്ന സാത്താനെയാണ് സ്മിത്ത് വരച്ചു കാട്ടുന്നത്. ദൗത്യം വേണ്ടും വണ്ണം നടത്തപ്പെടുമ്പോൾ സാത്താന്റെ അന്തിമ പരാജയത്തിനും കർത്താവിന്റെ മടങ്ങി വരവിനുമാണ് നാം വഴിയൊരുക്കുന്നത്. പ്രസ്തുത പുസ്തകത്തിൽ സ്മിത്ത് വിളിച്ച് പറയുന്നു- ദൈവസഭയുടെ മുഖ്യ ഉദ്ദേശ്യം മുഴുവൻ ലോകത്തിന്റെയും സുവിശേഷീകരണമാണ്.

*സഭകളുടെ സ്വയം വ്യാപനം* എന്ന പുസ്തകത്തിൽ റോളണ്ട് അല്ലൻ പറയുന്നു- ഏതൊരു പുതിയ സഭയും തുടക്കം മുതൽ സാമ്പത്തിക കാര്യങ്ങൾ, പ്രചാരണം, ഭരണം എന്നിവയിൽ സ്വയം പര്യാപ്തമായിരിക്കണം. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സഭയിലെ വ്യക്തികൾ സ്വയമായി തങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്ക് വെയ്ക്കുമ്പോഴാണ് സഭകളുടെ സ്വയം വ്യാപനം സംഭവിക്കുന്നത്. പത്ത് വർഷത്തിനുള്ളിൽ ഗലാത്യ, മക്കദോന്യ, അഖായ, ആസ്യ എന്നീ നാല് പ്രവിശ്യകളിൽ സഭകൾ സ്ഥാപിച്ച പൗലോസ് അപ്പോസ്തലൻ പറയുന്നു-യെരുശലേം മുതൽ ഇല്ലൂര്യദേശം വരെയുള്ള സുവിശേഷഘോഷണം താൻ പൂർത്തീകരിച്ചതായി. അതിന് വേണ്ടി അപ്പോസ്തലനായ പൗലോസ് സ്വീകരിച്ച മിഷനറി സമ്പ്രദായങ്ങളാണ് അല്ലൻ വരച്ചു കാട്ടുന്നത്.

ഒന്നാം മിഷനറി യാത്രയുടെ അവസാനം സഭ തോറും മൂപ്പന്മാരെ നിയമിച്ച് പ്രാർത്ഥിച്ച് കർത്താവിങ്കൽ അവരെ ഭരമേല്പിച്ചതായി നാം വായിക്കുന്നു. സുപ്രധാന നഗരങ്ങളിൽ സുവിശേഷ ഘോഷണം, വിശ്വസിക്കുന്നവരെ കൂട്ടിച്ചേർത്ത് സഭ സ്ഥാപിക്കൽ, മൂപ്പന്മാരെ നിയമിക്കൽ (വിശ്വസ്തരെ ഭരമേല്പിക്കൽ) - ഒന്നാം മിഷനറി യാത്രയിലെ ഈ നടപടി ക്രമത്തെയാണ് പൗലോസിന്റെ ചക്രം (Pauline cycle of Missions) എന്ന് പറയുന്നത്. പത്ത് വർഷം കൊണ്ട് നാല് പ്രവിശ്യകളിലെ സഭാസ്ഥാപനം പൂർത്തിയായി എന്നല്ല. മറിച്ച് ആ പ്രദേശങ്ങളിൽ ഒരു പറ്റം പ്രാദേശിക സഭകൾ താൻ സ്ഥാപിച്ച് അവയെ പ്രാപ്തരാക്കിയെന്നും ഇനിയുള്ള സുവിശേഷീകരണം അവയിലൂടെ പൂർത്തിയാവുമെന്നും താൻ വിശ്വസിക്കുന്നു. കൊയ്ത്താനല്ലെങ്കിൽ ഏതെങ്കിലും കർഷകൻ വിതയ്ക്കുമോ എന്നൊക്കെയുള്ള ആധുനിക ലോകത്തിന്റെ തത്വശാസ്ത്രവും പൗലോസിന്റെ സമ്പ്രദായവുമായി താരതമ്യം ചെയ്യുക.

*മിഷനറി സമ്പ്രദായങ്ങൾ - പൗലൂസിന്റെയോ സാത്താന്റെയോ* (1930) എന്ന പുസ്തകം തന്റെ ജീവിത കാലത്ത് പ്രസിദ്ധീകരിക്കാൻ റോളണ്ട് അലൻ തയ്യാറായില്ല. അതിന് കാരണം അതിലെ ആശയങ്ങളുടെ തീവ്രസ്വഭാവമോ, പിന്നീട് 1941-ൽ ഇറങ്ങിയ സി.എസ്.ലൂയിസിന്റെ സ്ക്രൂടേപ്പ് ലെറ്റേഴ്സ് (Screwtape Letters)-ലെ ആശയചോരണം ശങ്കിക്കുമോ എന്നുള്ള ചിന്ത മൂലമോ ആവാം. ഒരു മുതിർന്ന ചെകുത്താൻ

തന്റെ ഇളംതലമുറക്കാരന് ഒരു ക്രിസ്ത്യാനിയെ പ്രലോഭിക്കുവാൻ നല്കുന്ന ഉപദേശങ്ങളാണ് ലൂയിസിന്റെ പുസ്തകത്തിന്റെ ഇതിവൃത്തം.

ലോകപ്രസിദ്ധ തത്വചിന്തകനായ സോക്രട്ടീസ് ഒരു രാത്രി മുഴുവൻ ധ്യാനനിരതനായി നിന്ന സംഭവം പ്ലേറ്റോ വിവരിക്കുന്നുണ്ട്. അത് പോലെ ചിന്താമഗ്നനായി നിന്ന സാത്താനോട് ബെയെത്സെബൂബ് നടത്തുന്ന ചർച്ചയുടെ രൂപത്തിലാണ് അല്ലന്റെ ഈ ചെറുപുസ്തകം. ദൈവജനങ്ങൾ പരസ്പരം വിഘടിച്ചു നില്ക്കുന്നു എന്നതാണ് സാത്താന്റെ തുറുപ്പ് ചീട്ട്. ഉപദേശങ്ങൾ, ആചാരം, വേഷവിധാനം, ആഭരണങ്ങൾ എന്നിവയുടെ പേരിലുള്ള കലഹങ്ങൾ വേറെയും. മിഷൻ സംഘടനകളുടെ രീതികൾ അവയെ പരസ്പരം അകറ്റുന്നു. സാത്താന്റെ ദൃഷ്ടിയിൽ ക്രിസ്ത്യാനികൾ എന്നൊരു വിഭാഗമില്ല. എല്ലാവരും പലവിധ ക്രിസ്ത്യാനികൾ– റോമൻ കാത്തലിക്, ആംഗ്ലിക്കൻ, പെന്തെക്കോസ്ത്, തുടങ്ങിയവ. മിക്കവയ്ക്കും ഇപ്പോൾ ക്രിസ്ത്യാനി എന്ന അന്ത്യപദം പോലുമില്ല.

സമുദ്രം വെള്ളത്താൽ നിറയപ്പെട്ടത് പോലെ ക്രിസ്തീയ ദൗത്യത്താൽ സർവ്വ ഭൂമിയും യഹോവയുടെ പരിജ്ഞാനത്താൽ നിറയുമെന്ന് സാത്താന് തികച്ചും ബോധ്യമുണ്ട്. പരിപൂർണ്ണമായി തടയാനാവില്ലെങ്കിലും സാത്താൻ ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാമോനാണ് അതിന്റെ മുഖ്യ ചുമതല. ദൈവസഭയുടെ സ്വാഭാവികമായ സുവിശേഷീകരണത്തിന്റെ സ്ഥാനത്ത് പണത്തിൽ ആശ്രയിച്ചുള്ള മിഷൻ സംഘടനകൾ നിലവിൽ വന്നു. പ്രത്യേക പരിശീലനം നേടിയ പ്രൊഫഷണൽ മിഷണറിമാർ ദൗത്യം ഏറ്റെടുത്തു. സാത്താന് പോലും നിശ്ചയമുണ്ട് വ്യക്തിപരമായി (ഔദ്യോഗികമായിട്ടല്ല) ഘോഷിക്കാതെ ഒരു മതവും ഇന്നേ വരെ വളർന്നിട്ടില്ല എന്ന്. ഒരു ദൈവസഭയ്ക്ക് സ്വയം നിലനില്ക്കാൻ സാധിക്കും. പക്ഷേ, മിഷൻ സംഘടനകൾക്ക് അതാവില്ല.

മേൽ പ്രസ്താവിക്കപ്പെട്ടതെല്ലാം വെറും 'പഴഞ്ചൻ' മിഷൻ ചിന്തകളും രീതികളും എന്ന് തോന്നുന്നെങ്കിൽ റോളണ്ട് അല്ലന്റെ ശൈലി കടമെടുത്ത് ഈ ലേഖകനും ഒന്നേ പറയാനുള്ളൂ– അതായിരുന്നു, ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും മാർഗ്ഗം! ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ ദൈവസഭയുടെ വളർച്ചയ്ക്ക് പിന്നിൽ കുസ്തന്തീനോസ് ചക്രവർത്തിയെപ്പോലെ ഏതെങ്കിലും രക്ഷാധികാരിയോ വിദേശ ഫണ്ടിംഗ് ഏജൻസിയോ ഉണ്ടായിരുന്നോ? ക്രിസ്തു വലിയ പുരുഷാരത്തോട് ദൈവവചനം പ്രസംഗിക്കുമായിരുന്നെങ്കിലും തന്റെ അനുയായികളിൽ കുറെ പേരെയെങ്കിലും ശിഷ്യന്മാരായി പരിശീലിപ്പിച്ചെടുത്തു. അവർ തങ്ങളുടെ തലമുറയിൽ ലോകത്തെ കീഴ്മേൽ മറിക്കാൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രാപ്തരായി തീർന്നു. ഇന്നത്തെ വലിയ ക്രൂസേഡുകളിലൂടെ യഥാർത്ഥ ക്രിസ്തുശിഷ്യന്മാർ എത്ര പേരെ ലോകത്തിന് ലഭിക്കാറുണ്ട്? സകല ജാതികളെയും ശിഷ്യന്മാരാക്കാൻ ആയിരുന്നല്ലോ, കർത്താവിന്റെ അന്ത്യ കല്പന.

യഥാർത്ഥമായി മിഷൻ ചെയ്യാൻ സമർപ്പണം ചെയ്തവർക്ക് അപ്പോസ്തലിക കാലഘട്ടത്തിലെ മാതൃകകളിലേക്ക് ഒരു മടങ്ങിപ്പോക്ക് അനിവാര്യമാണ്. പരിശുദ്ധാത്മ ശക്തിയാൽ ഓരോ ശിഷ്യനും (പ്രതിഫലം കൂടാതെ) തന്റെ വിശ്വാസം പങ്ക് വെക്കുമ്പോൾ മാനസാന്തരവും വിടുതലും നടക്കും. പ്രവൃത്തികളുടെ ആരംഭത്തിൽ ശിഷ്യന്മാർ പെരുകിയെങ്കിൽ (6:1) പിന്നീട് ചിതറിപ്പോയവർ (8:5) വചനം പ്രസംഗിച്ച് കഴിഞ്ഞും യഥാർത്ഥ മിഷൻ ആരംഭിച്ച് കഴിഞ്ഞപ്പോഴും സഭകൾ വിശ്വാസത്തിൽ ഉറച്ച് എണ്ണത്തിൽ പെരുകി (16:5). സഭകളുടെ പെരുക്കമാണ്, വിശ്വാസികളുടെ പെരുക്കമല്ല, മിഷന്റെ ലക്ഷ്യം. മിഷൻ ഒരു പ്രൊഫഷൻ അല്ല, ഓരോ ക്രിസ്തു ശിഷ്യന്റെയും ജീവിതോദ്ദേശ്യമാണ്.

1989–ൽ മനിലയിൽ നടന്ന രണ്ടാമത് ലുസേയ്ൻ ലോക മിഷൻ കോൺഫറൻസ് ലോകത്തോട് ആഹ്വാനം ചെയ്തു– *മുഴുവൻ സഭയും സമ്പൂർണ്ണ സുവിശേഷം മുഴുവൻ ലോകത്തോട് ഘോഷിക്ക.* മുഴുവൻ സഭ എന്ന് പറയുമ്പോൾ ക്രിസ്തുവിന്റെ ശരീരമായ സഭ പൂർണ്ണ രൂപത്തിൽ. കാതലായ ചോദ്യമിതാണ്– നാം ആരുടെ സമ്പ്രദായമാണ് സ്വീകരിക്കുക - പൗലോസിന്റെയോ, നമ്മുടെയോ, അതോ സാത്താന്റെയോ ?

മിഷൻ ദൈവത്തിന്റെയാണെങ്കിലും കർത്താവായ യേശുക്രിസ്തു താൻ ഉപദേശിക്കുകയും അപ്പോസ്തലന്മാർ പരിശുദ്ധാത്മ പ്രേരിതരായി തുടങ്ങിവെക്കുകയും ചെയ്ത മിഷൻ പ്രവർത്തനങ്ങളുടെ രീതി തീർച്ചയായും എല്ലാ കാലത്തേക്കുമുള്ള ഒരു മാതൃകയാണ്. ആയതിലേക്ക് മിഷനെ ദൈവസഭയിലേക്ക് കേവലം മടക്കി വരുത്തുകയല്ല, മറിച്ച് ദൈവസഭകൾ ദൈവികോദ്ദേശ്യം തിരിച്ചറിഞ്ഞ് മിഷനിൽ ഏർപ്പെടുകയാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം.